# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3630 17-12-2015-ൽ മറുപടിയ്ക്ക്.**

**ലോട്ടറി വിതരണത്തിലെ അപാകത**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| എ) | ജില്ലാ ലോട്ടറി ആഫീസുകളിൽ നിന്നും ഏജന്റുമാർക്ക് ലോട്ടറി വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ; | എ) | സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ കാലാകാലങ്ങളിൽ നൽകുന്ന സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ജില്ലാ ലോട്ടറി ഓഫീസുകളിൽ ടിക്കറ്റ് വിതരണം ചെയ്യുന്നത്. ഓരോ പ്രാവശ്യവും ടിക്കറ്റ് അച്ചടി വർദ്ധിപ്പിച്ച് കൂടുതൽ ടിക്കറ്റുകൾ ലഭ്യമാക്കുമ്പോൾ ഏറ്റവും കുറവ് ടിക്കറ്റുകൾ ലഭിച്ചികൊണ്ടിരിക്കുന്നവർക്ക് കൂടുതൽ നൽകത്തക്കവിധം ടിക്കറ്റു വിതരണം ക്രമീകരിക്കുന്നു. അതാത് ജില്ലകളിലെ ഏജന്റുമാർക്ക് ടിക്കറ്റ് നൽകിയ ശേഷം മാത്രമേ അന്യ ജില്ലാ ഏജന്റുമാർക്ക് ടിക്കറ്റ് നൽകാറുള്ളൂ. ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പു വരുത്തുന്നതിനായി എല്ലാ ഏജന്റുമാർക്കും 30/- രൂപ മുഖവിലയുള്ള 175 ടിക്കറ്റുകളും 40/-, 50/- രൂപ മുഖവിലയുള്ള 125 ടിക്കറ്റുകളും മിനിമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, ഇതിനായി 12,000 ടിക്കറ്റിനു മുകളിൽ വാങ്ങുന്ന ഏജന്റുമാരുടെ ടിക്കറ്റിൽ നിന്നും 15% വരെ ആനുപാതികമായി വെട്ടിക്കുറവ് വരുത്താവുന്നതാണെന്നും ജില്ലാ |

| | | | |
|---|---|---|---|
| | | | ഭാഗ്യക്കുറി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വൃദ്ധർ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽ ലോട്ടറി മറിച്ചു വിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ ? | ബി) | ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽ നിന്നും കോട്ടയത്തേക്കും, എറണാകുളത്തേയ്ക്കും അനധികൃതമായി ടിക്കറ്റുകൾ കൊണ്ടുപോകുന്നതായും സർക്കാർ നിരോധിച്ച 3 അക്ക കുറിപ്പ് ലോട്ടറി നടത്തിയതിന് ക്രൈം നമ്പർ 968/11 കേസിൽ പ്രതി ചേർക്കപ്പെട്ട ഒരു ഏജന്റിന് നൽകിവന്നിരുന്ന ടിക്കറ്റുകൾ ടിയാന്റെ ഭാര്യയുടെ പേരിലുള്ള ഏജൻസിയിലേക്ക് മാറ്റി നൽകിയതായും കാട്ടി ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിലെ ഏതാനും ഏജന്റുമാർ പരാതി സമർപ്പിച്ചിരുന്നു. ഇതിൻമേലുള്ള അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയുമാണ്. |

സെക്ഷൻ ഓഫീസർ.